**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4709</u>** **<u>02-07-2024 - ൽ മറുപടിയ്ക്ക്</u>**

**<u>ജീവനക്കാരുടെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല അതോറിറ്റിയിലെ ജീവനക്കാരുടെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലേക്ക് നിലവിൽ ഏത് രീതിയിലാണ് പ്രീമിയം ഒടുക്കുന്നത് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതി പ്രകാരം ജീവനക്കാർക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എല്ലാ വർഷവും ഏപ്രിൽ 16 ന പുതുക്കുന്നു. ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് ടെൻഡർ ക്ഷണിക്കുകയും നടപടിക്രമങ്ങൾ പാലിച്ച് തെരഞ്ഞെടുക്കുന്ന കമ്പനിയ്ക്ക് ആകെ പ്രീമിയം തുക രണ്ടു തുല്യ ഗഡുക്കളായി നൽകുകയും ചെയ്യുന്നു. പ്രസ്തുത പദ്ധതി പ്രകാരം ജീവനക്കാരന്റെയും കുടുംബത്തിന്റെയും in-patient ചികിത്സയ്ക്ക് ഒരു കുടുംബത്തിന് 3 ലക്ഷം രൂപയുടെ പരിരക്ഷ നൽകുന്നു. മൂന്ന് ലക്ഷം രൂപയുടെ പരിധി കഴിയുന്ന CRITICAL CARE ILLNESS ചികിത്സയ്ക്കായി കോർപ്പറേറ്റ് ബഫർ ഫണ്ടും ഉണ്ട്. |
| (ബി) | പ്രീമിയം ഈടാക്കുന്നതിൽ ജീവനക്കാരുടെ വിഹിതം കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം തീരുമാനമെടുത്തത്; ജീവനക്കാരുടെ വിഹിതമായി എത്ര ശതമാനം തുകയാണ് ഈടാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | നിലവിൽ തീരുമാനിച്ചിട്ടില്ല. |
| (സി) | ജീവനക്കാരിൽ നിന്നും വിഹിതം ഈടാക്കുന്നതിന് പകരം മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിന്റെ കൂടുതൽ ഭാഗം ഇൻഷ്വറൻസ് പ്രീമിയത്തിലേക്ക് വകയിരുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | നിലവിൽ ജീവനക്കാരിൽ നിന്നും വിഹിതം ഈടാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ